പൊതുവിദ്യാഭ്യാസ വകുപ്പ്
കേരള സർക്കാർ

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) കേരളം

समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

# State Assessment Cell
# STATE ACHIEVEMENT TEST

ക്ലാസ് **6**

അധ്യയന മാധ്യമം **മലയാളം** ബുക്ക്ലെറ്റ് സെറ്റ് **65**

**അധ്യാപകർ പൂരിപ്പിക്കേണ്ടത്**

യുഡൈസ് കോഡ്:

വിദ്യാർത്ഥിയുടെ പേര്: കുട്ടിയുടെ ഐഡി:

സ്കൂളിന്റെ പേര്:

ബ്ലോക്കിന്റെ പേര്:

ജില്ലയുടെ പേര്:

സംസ്ഥാനത്തിന്റെ പേര്:

**ഏരിയാ കോഡ്:**
1. ഗ്രാമം 2. നഗരം

**സ്കൂളിന്റെ തരം:**
1. ആൺകുട്ടികൾ 2. പെൺകുട്ടികൾ 3. സഹവിദ്യാഭ്യാസം

**സ്കൂൾ സമയം**
1. രാവിലെ 2. വൈകുന്നേരം 3. പകൽ ഷിഫ്റ്റ്

**സ്കൂൾ വിഭാഗം**
01. ക്ലാസ് 1 - 4/5 02. ക്ലാസ് 1 - 8 03. ക്ലാസ് 5/6 - 10
04. ക്ലാസ് 1 - 10 05. ക്ലാസ് 6 - 10 06. ക്ലാസ് 9, 10
07. ക്ലാസ് 1 - 12 08. ക്ലാസ് 6 - 12 10. ക്ലാസ് 9 - 12

സ്കൂളിന് അനുബന്ധമായി പ്രീപ്രൈമറി (അങ്കണവാടി അല്ലാത്തത്) പ്രവർത്തിക്കുന്നുണ്ടോ? ഉണ്ട് 1 ഇല്ല 2

**കുട്ടികളുടെ ലിംഗപദവി**
1. ആൺ
2. പെൺ
3. ട്രാൻസ്ജെന്റർ

**സാമൂഹിക അവസ്ഥ**
1. എസ്സി
2. എസ്ടി
3. ഒബിസി
4. ജനറൽ
5. സാമ്പത്തിക പിന്നാക്കവിഭാഗം

**അംഗപരിമിതർ**
1. എൽഡി
2. വിഐ
3. എച്ച്ഐ
4. എസ്&എൽഡി
5. ഐഡി
6. മറ്റു വൈകല്യം
7. മൾട്ടിപ്പിൾ

**സ്കൂൾ ഭരണം**
01. വിദ്യാഭ്യാസ വകുപ്പ് 02. പട്ടികവർഗ ക്ഷേമവകുപ്പ്
03. തദ്ദേശസ്വയംഭരണ സ്ഥാപനം 04. ഗവ/എയ്ഡഡ്
05. സ്വകാര്യ/അൺഎയ്ഡഡ് (അംഗീകൃതം) 06. മറ്റ് സർക്കാർ ഉടമസ്ഥത
08. അനംഗീകൃതം 90. സാമൂഹ്യക്ഷേമവകുപ്പ് 91. തൊഴിൽ വകുപ്പ്
92. കേന്ദ്രീയ വിദ്യാലയം 93. ജവഹർ നവോദയ വിദ്യാലയം 94. സൈനിക്സ്കൂൾ
95 റെയിൽവെ സ്കൂൾ 96. കേന്ദ്ര തിബത്ത്യൻ സ്കൂൾ
97. അംഗീകൃത മദ്രസ (വഖഫ്ബോർഡ് /മദ്രസ ബോർഡ് നടത്തുന്നത്)
98. അനംഗീകൃത മദ്രസ

**ഡിവിഷനുകളുടെ എണ്ണം ക്ലാസടിസ്ഥാനത്തിൽ (ക്ലാസ് ഡിവിഷൻ ഒന്ന് മാത്രമെങ്കിൽ 1 എന്ന് ചേർക്കുക)**

| ക്ലാസ് | പ്രീപ്രൈമറി | I | II | III | IV | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|---|---|---|---|---|
| ഡിവിഷനുകളുടെ എണ്ണം | | | | | | | | | | | |

**ചോദ്യങ്ങളുടെ എണ്ണം : 20** **സമയം : 30 മിനിറ്റ്**

© Assessment Cell Kerala 2024

## Practice Question 65 - Class 6

**പത്ര റിപ്പോർട്ട് വായിച്ച് താഴെ തന്നിരിക്കുന്ന 1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.**

**ജവഹർ ഡെയ്‌ലി ടൈംസ്**

### പ്രാദേശിക സ്കൂൾ ബയോഗ്യാസ് ഉൽപാദന പദ്ധതി ആരംഭിക്കുന്നു

2024 ഓഗസ്റ്റ് 28

വിദ്യാർഥികളെ സുസ്ഥിര ഊർജത്തെക്കുറിച്ച് പഠിപ്പിക്കാൻ ജവഹർ പ്രൈമറി സ്കൂൾ അടുത്തിടെ ഒരു നൂതന പദ്ധതി ആരംഭിച്ചു. ജൈവമാലിന്യത്തിൽ നിന്ന് പുനരുപയോഗിക്കാവുന്ന ഊർജ സ്രോതസ്സായ ബയോഗ്യാസ് ഉൽപാദിപ്പിക്കുന്നതിലാണ് പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

തങ്ങളുടെ ശാസ്ത്രാധ്യാപകനായ ജോസഫിന്റെ സഹായത്തോടെ വിദ്യാർഥികൾ സ്കൂൾ ഗ്രൗണ്ടിൽ ഒരു ചെറിയ ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു. സ്കൂൾ ക്യാന്റീനിൽ നിന്നുള്ള ഭക്ഷണാവശിഷ്ടങ്ങളും പൂന്തോട്ട മാലിന്യങ്ങളും ഉപയോഗിച്ചാണ് പ്ലാന്റ് പ്രവർത്തിക്കുന്നത്. ഇങ്ങനെയുണ്ടാകുന്ന വാതകം പിന്നീട് സയൻസ് ലാബിൽ വെള്ളം ചൂടാക്കാനും ലഘു പരീക്ഷണങ്ങൾക്കും ഉപയോഗിക്കുന്നു.

"ഞങ്ങൾ വളരെ ആവേശത്തിലാണ്," ജോസഫ് പറഞ്ഞു. "പുനരുപയോഗ ഊർജത്തെക്കുറിച്ചും പുനരുപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിദ്യാർഥികൾക്ക് പഠിക്കാനുള്ള ഏറ്റവും മികച്ച മാർഗമാണിത്."

മാലിന്യം കുറയ്ക്കുന്നതിനും പരിസ്ഥിതി അവബോധം വളർത്തുന്നതിനുമുള്ള സ്കൂളിന്റെ ശ്രമങ്ങളുടെ ഭാഗമാണ് പദ്ധതി. പാഴ്‌വസ്തുക്കളെ ഇത്തരത്തിൽ ഉപയോഗപ്രദമാക്കാം എന്ന അറിവ് കുട്ടികൾ ആവേശത്തോടെയാണ് ഏറ്റെടുത്തത്.

"ഭക്ഷണാവശിഷ്ടങ്ങളിൽ നിന്ന് നമുക്ക് ഊർജം ഉണ്ടാക്കാൻ കഴിയുമെന്ന് എനിക്കറിയില്ലായിരുന്നു!" ആറാം ക്ലാസുകാരി അനു പറഞ്ഞു. "എല്ലാം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് കാണുന്നത് അതിശയം തന്നെ".

ഈ പദ്ധതി പ്രദേശത്തെ മറ്റു സ്കൂളുകൾക്കും സമാനമായ സംരംഭങ്ങൾ ആരംഭിക്കാൻ പ്രചോദനമാകുമെന്ന് സ്കൂൾ അധികൃതർ പ്രതീക്ഷിക്കുന്നു. സുസ്ഥിരമായ പ്രവർത്തനങ്ങളെക്കുറിച്ച് യുവവിദ്യാർഥികളെ ബോധവത്കരിക്കുന്നതിലൂടെ, ജവഹർ പ്രൈമറി സ്കൂൾ ഒരു ഹരിതഭാവിക്ക് വഴിയൊരുക്കുന്നു.

© Assessment Cell Kerala 2024

1. ജവഹർ പ്രൈമറി സ്കൂളിൽ ആരംഭിച്ച നൂതന പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം കുട്ടികളെ സുസ്ഥിര ഊർജത്തെക്കുറിച്ച് പഠിപ്പിക്കുക എന്നതാണ്. താഴെ നല്കിയിരിക്കുന്നവയിൽ ഈ പ്രസ്താവനയുമായി ചേർന്നുപോകുന്ന വാചകം ഏതാണ്?

   A. വൈദ്യുതി ഉപയോഗത്തിന്റെ ചെലവ് കുറയ്ക്കുക.

   B. പുനരുപയോഗിക്കാവുന്ന ഊർജസ്രോതസ്സിനെക്കുറിച്ച് പഠിപ്പിക്കുക.

   C. സ്കൂളിലെ ഊർജസ്രോതസ്സിനെക്കുറിച്ച് അന്വേഷിക്കുക.

   D. സ്കൂൾ ക്യാന്റീൻ കൂടുതൽ കാര്യക്ഷമമാക്കുക.

2. ഭക്ഷണാവശിഷ്ടങ്ങൾ അല്ലാതെ ബയോഗ്യാസ് പ്ലാന്റിൽ ഉപയോഗിക്കുന്ന വസ്തുക്കൾ താഴെ തന്നിരിക്കുന്നവയിൽ ഏതാണ്?

A. സൂര്യപ്രകാശം

B. ലോഹ മാലിന്യങ്ങൾ

C. പൂന്തോട്ട മാലിന്യങ്ങൾ

D. കാർഡ്ബോർഡ്

3. ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് കുട്ടികളെ ആരാണ് സഹായിച്ചത്?

A. സ്കൂൾ പ്രിൻസിപ്പൽ

B. ശാസ്ത്രാധ്യാപകൻ

C. ക്യാന്റീനിലെ തൊഴിലാളികൾ

D. ശാസ്ത്രജ്ഞരുടെ കൂട്ടായ്മ

4. സ്കൂളിലെ ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വാക്യം തിരഞ്ഞെടുക്കുക.

A. എയർ കണ്ടീഷണറിന് വൈദ്യുതി നൽകുന്നു.

B. ക്ലാസ്സിലെ കമ്പ്യൂട്ടറുകൾക്ക് വൈദ്യുതി നൽകുന്നു.

C. സ്കൂളിലെ മുഴുവൻ ലൈറ്റുകളും പ്രകാശിപ്പിക്കുന്നു.

D. സയൻസ് ലാബിൽ വെള്ളം ചൂടാക്കാനും ലഘു പരീക്ഷണങ്ങൾക്കും ഉപയോഗിക്കുന്നു.

5. 'സുസ്ഥിര ഊർജം' എന്നതിന് മറ്റൊരു പദം കണ്ടെത്തുക.

A. പുനരുപയോഗ ഊർജം

B. പുനരുപയോഗിക്കാൻ കഴിയാത്ത ഊർജം

C. ഫോസിൽ ഊർജം


D. കാർബൺ ഊർജം

6. ഒരു കേക്കിന്റെ $\frac{1}{4}$ ഭാഗം സുജിഷയും $\frac{1}{3}$ ഭാഗം അനൂപും ബാക്കി റഹീമും എടുത്തു. റഹീമിന് കിട്ടിയത് ആകെ കേക്കിന്റെ എത്ര ഭാഗമാണ്?

A. $\frac{6}{7}$ B. $\frac{7}{12}$ C. $\frac{5}{7}$ D. $\frac{5}{12}$

© Assessment Cell Kerala 2024

7. ചിത്രത്തിൽ എത്ര സമചതുരങ്ങൾ ഉണ്ട്?



A. 4 B. 5 C. 1 D. 8

8. ഒരു ടാങ്കിന് 1 മീറ്റർ ഉയരവും 2 മീറ്റർ നീളവും 1 മീറ്റർ വീതിയും ഉണ്ട്. അതിൽ ഇപ്പോൾ 1500 ലിറ്റർ വെള്ളം ഉണ്ട്. ഇനി എത്ര ലിറ്റർ വെള്ളം കൂടി ഉണ്ടെങ്കിൽ ടാങ്ക് നിറയും?

A. 1500 ലിറ്റർ B. 2000 ലിറ്റർ C. 500 ലിറ്റർ D. 50 ലിറ്റർ

9. '?' ചിഹ്നം ഇട്ട സ്ഥലത്തെ സംഖ്യ ഏതാണ്?

| | | | | |
|---|---|---|---|---|
| 1 | 9 | 25 | 49 | ? |

A. 9 B. 20 C. 81 D. 100

10. തന്നിരിക്കുന്ന ക്രിയയിൽ a, b, c, d എന്നിവയുടെ വില ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

| | | | | |
|---|---|---|---|---|
| | 2 | 3 | a | × |
| | | b | 7 | |
| c | 6 | d | 5 | |
| 2 | 3 | 5 | | |
| 3 | 9 | 9 | 5 | |

A. a = 1, b = 5, c = 1, d = 4
B. a = 5, b = 1, c = 1, d = 4
C. a = 5, b = 1, c = 4, d = 1
D. a = 5, b = 1, c = 4, d = 1

11. ആരോഗ്യകരമായ ഒരു ഭക്ഷണശീലം അല്ലാത്തത് ഏത്?

A. ആവശ്യമായ അളവിൽ മാത്രം കഴിക്കുന്നു.
B. ആഹാരത്തിൽ പച്ചക്കറികൾ ഉൾപ്പെടുത്തുന്നു.
C. കൊഴുപ്പടങ്ങിയ ഭക്ഷണങ്ങൾ വളരെ കൂടുതലായി ആഹാരത്തിൽ ഉൾപ്പെടുത്തുന്നു.
D. ഭക്ഷ്യ വസ്തുക്കളുടെ ശുചിത്വം ഉറപ്പുവരുത്തുന്നു.

© Assessment Cell Kerala 2024

12. താഴെ പറയുന്നതിൽ പുല്ലുവർഗത്തിൽപ്പെടാത്ത സസ്യം?

A. നെല്ല്

B. കരിമ്പ്

C. മുള

D. വാഴ

13. വിത്തുമുളയ്ക്കലുമായി ബന്ധപ്പെട്ട ചില പ്രസ്താവനകളാണ് താഴെ നൽകിയിരിക്കുന്നത്. ഇതിൽ തെറ്റായ പ്രസ്താവന ഏത്?

A. ബീജമൂലം (റാഡിക്കിൾ) വേരുപടലമായി മാറുന്നു.

B. ബീജപത്രത്തിൽ സംഭരിച്ച ആഹാരം ഉപയോഗിക്കുന്നു.

C. ബീജശീർഷം വളർന്ന് തണ്ടും, ഇലയും രൂപപ്പെടുന്നു.

D. വിത്തുമുളയ്ക്കുമ്പോൾ ആദ്യം പുറത്തുവരുന്നത് ബീജശീർഷമാണ്.

14. ചില ആകാശഗോളങ്ങളെ വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിരിക്കുന്നത് നോക്കൂ. ഇവയിൽ ശരിയായതേതാണ്?

A. ചന്ദ്രൻ < ഭൂമി < വ്യാഴം < സൂര്യൻ

B. ഭൂമി < ചന്ദ്രൻ < വ്യാഴം < സൂര്യൻ

C. ചന്ദ്രൻ < വ്യാഴം < ഭൂമി < സൂര്യൻ

D. ഭൂമി < വ്യാഴം < ചന്ദ്രൻ < സൂര്യൻ

15. അതിതീവ്രമഴയുമായി ബന്ധപ്പെട്ട് അപകട മുന്നറിയിപ്പ് ലഭിക്കുമ്പോൾ നദീതീരത്ത് താമസിക്കുന്നവർ സ്വീകരിക്കേണ്ട അടിയന്തിര നടപടി എന്തായിരിക്കണം?

A. മഴവെള്ളത്തോടൊപ്പം എത്തുന്ന മീനുകളെ പിടിക്കാനായി മത്സ്യബന്ധന ഉപകരണങ്ങൾ തയ്യാറാക്കി വയ്ക്കുക.

B. പ്ലാസ്റ്റിക് ബോട്ടിലുകളും, വാഴത്തണ്ടും ഉപയോഗിച്ച് ചങ്ങാടമുണ്ടാക്കി വയ്ക്കുക.

C. നിത്യോപയോഗ സാധനങ്ങൾ ആവശ്യമായ അളവിൽ വാങ്ങി സംഭരിച്ചു വയ്ക്കുക.

D. അവശ്യസാധനങ്ങൾ മാത്രം കൈവശം എടുത്ത് കഴിയുന്നതും വേഗം സുരക്ഷിത സ്ഥാനത്തേക്ക് മാറുക.

16. Aയുടെ അച്ഛനാണ് B. എന്നാൽ Bയുടെ മകനല്ല A. Bയുടെ ആരാണ് A?

A. സഹോദരൻ

B. സഹോദരി

C. മകൾ

D. ഭാര്യ

17. ഉരുൾപൊട്ടൽ ഭീഷണി ഒഴിവാക്കുന്നതിന് സ്വീകരിക്കാവുന്ന പ്രധാന പ്രതിരോധ പ്രവർത്തനം ചുവടെപ്പറയുന്നവയിൽ ഏതാണ്?

A. ചെങ്കുത്തായ ചരിവുകളിൽ വീടുകൾ നിർമ്മിക്കുക.

B. മണ്ണിന് ഉറപ്പു ലഭിക്കുന്നതിനായി മരങ്ങളും ചെടികളും വച്ചുപിടിപ്പിക്കുക.

C. അധികൃതർ നൽകുന്ന സുരക്ഷാ മുന്നറിയിപ്പുകൾ അവഗണിക്കുക.

D. നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രകൃതിദത്ത നീരുറവകളെ വഴിതിരിച്ച് വിടുക.

© Assessment Cell Kerala 2024

18.



റോഡരികിൽ നൽകിയിരിക്കുന്ന ഈ ചിഹ്നം കണ്ടാൽ നിങ്ങൾക്ക് ലഭിക്കുന്ന സന്ദേശമെന്ത്?

A. ഇവിടെ റോഡ് മുറിച്ചുകടക്കാം.

B. കുട്ടികൾക്ക് ഇവിടെ നിന്ന് വാഹനത്തിൽ കയറാം.

C. സമീപത്ത് സ്കൂളുണ്ട്.

D. ഇവിടേക്ക് യാത്രക്കാർക്ക് പ്രവേശനമില്ല.

19. മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം, വസന്തകാലം തുടങ്ങിയ വ്യത്യസ്ത കാലാവസ്ഥകൾ നമുക്ക് അനുഭവപ്പെടുന്നു. ഇത്തരം കാലാവസ്ഥാമാറ്റത്തിന് കാരണമല്ലാത്തത് തിരഞ്ഞെടുക്കുക.


A. ഭ്രമണം

B. പരിക്രമണം

C. അയനം

D. അച്ചുതണ്ടിന്റെ ചരിവ്

20. കിരൺ നഗരത്തിലെ ആശുപത്രിക്ക് മുന്നിൽ നിൽക്കുകയാണ്. അവന് പണം നിക്ഷേപിക്കുന്നതിന് ബാങ്കിലേക്കാണ് പോകേണ്ടത്. തന്നിരിക്കുന്ന വഴി നിരീക്ഷിച്ച് കിരണിന് പോകേണ്ട ശരിയായ ദിശ കണ്ടെത്തുക.




A. ആദ്യം തെക്കോട്ട് തുടർന്ന് കിഴക്കോട്ട് തുടർന്ന് വടക്കോട്ട്

B. ആദ്യം തെക്കോട്ട് തുടർന്ന് പടിഞ്ഞാറോട്ട് തുടർന്ന് വടക്കോട്ട്

C. ആദ്യം വടക്കോട്ട് തുടർന്ന് കിഴക്കോട്ട് തുടർന്ന് തെക്കോട്ട്

D. ആദ്യം വടക്കോട്ട് തുടർന്ന് പടിഞ്ഞാറോട്ട് തുടർന്ന് തെക്കോട്ട്

© Assessment Cell Kerala 2024

Space for Rough Work

© Assessment Cell Kerala 2024